# പത്രക്കുറിപ്പ്

പോലീസ് വകുപ്പിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ (കാറ്റഗറി നമ്പർ. 653/17) ശാരീരിക അളവെടുപ്പിൽ പരാജയപ്പെട്ട് അപ്പീലിലൂടെ പുനരളവെടുപ്പിന് അർഹത നേടിയ ഉദ്യോഗാർത്ഥികൾക്കുള്ള ശാരീരിക പുനരളവെടുപ്പ് 2019 ആഗസ്റ്റ് 07,08 തീയതികളിൽ ഉച്ചയ്ക്ക് 12.00 മണി മുതൽ നടത്തുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തുള്ള ആസ്ഥാന ആഫീസിലും, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലാ ആഫീസിലും, പാലക്കാട് ജില്ലയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എറണാകുളം മേഖലാ ആഫീസിലും, മലപ്പുറം , വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് ജില്ലാ ആഫീസിലും , കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് മേഖലാ ആഫീസിലും വച്ചാണ് പുനരളവെടുപ്പ് നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ ശാരീരിക അളവെടുപ്പിനുള്ള അഡ്മിഷൻ ടിക്കറ്റ്, തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവ സഹിതം നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാകേണ്ടതാണ്. അപ്പീൽ സമർപ്പിച്ചിട്ടുള്ളവരിൽ അറിയിപ്പ് ലഭിക്കാത്തവർ ആസ്ഥാന ആഫീസിലെ UFR II വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

പുനരളവെടുപ്പ് ഷെഡ്യൂൾ

| ക്രമ നമ്പർ | സ്ഥലം | തീയതി | ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം |
|---|---|---|---|
| 1 | ആസ്ഥാന ആഫീസ് | 07.08.2019 | തിരുവനന്തപുരം–112 |
| 2 | ആസ്ഥാന ആഫീസ് | 08.08.2019 | തിരുവനന്തപുരം–3<br>പത്തനംതിട്ട–9<br>കൊല്ലം–66<br>ആലപ്പുഴ–46<br>**ആകെ–124** |
| 3 | ജില്ലാ ആഫീസ് എറണാകുളം | 07.08.2019 | കോട്ടയം–14<br>എറണാകുളം–28<br>**ആകെ–42** |
| 4 | ജില്ലാ ആഫീസ് എറണാകുളം | 08.08.2019 | ഇടുക്കി–7<br>തൃശ്ശൂർ–27<br>**ആകെ – 34** |
| 5 | മേഖലാ ആഫീസ് എറണാകുളം | 07.08.2019 | പാലക്കാട്–46 |
| 6 | മേഖലാ ആഫീസ് എറണാകുളം | 08.08.2019 | പാലക്കാട്–45 |
| 7 | ജില്ലാ ആഫീസ് കോഴിക്കോട് | 07.08.2019 | മലപ്പുറം–28<br>വയനാട്–13<br>കാസർഗോഡ്–7<br>**ആകെ–48** |
| 8 | മേഖലാ ആഫീസ്, കോഴിക്കോട് | 07.08.2019 | കോഴിക്കോട്–57 |
| 9 | മേഖലാ ആഫീസ്, കോഴിക്കോട് | 08.08.2019 | കണ്ണൂർ–50 |

കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിക്കു വേണ്ടി